സ.ഉ.(കൈ) നം.4/2023/BCDD

Directorate of BCDD
E.Office Ref. No.........

16 SEP 2023

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

Revenue friends

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട 'Senai Thalavar' എന്ന സമുദായ പദം 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2023/BCDD തീയതി,തിരുവനന്തപുരം, 11-09-2023

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 24/01/2023 -ലെ റിപ്പോർട്ട്.

**ഉത്തരവ്**

1958 മുതൽ Senai Thalavar (Elavaniar) എന്ന സമുദായത്തിനെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലും , Socially and Educationally Backward Classes (SEBC) പട്ടികയിൽ Senaithalaivar and Elavania എന്നു ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . തമിഴ് ഭാഷയിൽ ' Thaliavar' എന്ന പദമാണ് ഉപയോഗിച്ചു വരുന്നതെന്നും പല പേരുകളിൽ അറിയപ്പെടുന്ന ഈ സമുദായം ഒന്നുതന്നെയാണെന്നും Senaithalaivar എന്ന സമുദായം തമിഴ്നാട് സംസ്ഥാനത്ത് ഉത്ഭവിച്ചതും അവരുടെ പരമ്പരാഗത തൊഴിൽ കൃഷിയും വെറ്റില കച്ചവടവുമാണെന്നും അതിനാൽ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലെ Senai Thalavar (Elavaniar) എന്നതിനൊപ്പം Senaithalaivar, Elavania എന്നു കൂടി ഉൾ പ്പെടുത്താവുന്നതാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

(2) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 63 ആയ 'Senai Thalavar' എന്നതിന് പകരമായി 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നാക്കി മാറ്റം വരുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർ ട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 63 ആയ 'Senai Thalavar' എന്നതിന് പകരം 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Scanned with CamScanner

(4) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം. 1728 പ്രകാരം)
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജിഐഎസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Padmasekhar P
Date: 11-09-2023 22:38:21
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

Scanned with CamScanner

"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട 'ചക്കാല' (Chakkala) എന്ന സമുദായപ്പേര് 'ചക്കാല, ചക്കാല നായർ' (Chakkala, Chakkala Nair) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 26/10/2022 -ലെ റിപ്പോർട്ട്.

<u>ഉത്തരവ്</u>

16/9/2023

'ചക്കാല നായർ ' (Chakkala Nair) സമുദായം 'ചക്കാല ' (Chakkala) ഉൾപ്പെടുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലെന്നും ഇനം നമ്പർ 1 0 ൽ 'ചക്കാല ' (Chakkala) എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും കൂടാതെ ചക്കാല നായർ (Chakkala Nair) എന്നത് ചക്കാല (Chakkala) വിഭാഗത്തിന്റെ ഭാഗമാണെന്നും അതിനാൽ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലെ ഇനം നമ്പർ 10 ൽ ഉൾപ്പെടുത്തി ചക്കാല നായർ (Chakkala Nair) വിഭാഗത്തിനും സംവരണ ആനുകൂല്യം നൽകേണ്ടതാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ചക്കാല വിഭാഗവും ചക്കാല നായർ വിഭാഗവും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഒരു പോലെയാണെന്നും കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു . ചക്കാല വിഭാഗം പിന്നാക്ക അവസ്ഥയിലായതിനാലാണ് മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതെന്നും ഇതിനർത്ഥം ടി വിഭാഗത്തിന് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം 'ലഭിക്കുന്നതിന് അർഹതയുണ്ടെന്നുള്ളതാണ് . ചക്കാല വിഭാഗവും ചക്കാല നായർ വിഭാഗവും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഒരുപോലെയാണെന്നതിനാൽ ചക്കാല നായർ (Chakkala Nair) വിഭാഗത്തിന് ചക്കാല (Chakkala) വിഭാഗത്തോടൊപ്പം മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുണ്ട്.

(2) എസ്.ഇ.ബി.സി. (SEBC) പട്ടികയിൽ ഉൾപ്പെട്ടതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ചക്കാല നായർ സമുദായ അംഗങ്ങൾക്ക് സംവരണം ലഭിക്കുന്നുവെങ്കിലും ചക്കാല നായർ വിഭാഗത്തെ പ്രത്യേകമായി മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താത്തത് കാരണം പബ്ലിക് സർവ്വീസ് നിയമനങ്ങൾക്ക് സംവരണം നിഷേധിക്കുകയാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ്

Scanned with CamScanner

III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 10 ആയ 'ചക്കാല' (Chakkala) എന്നത് 'ചക്കാല (ചക്കാല നായർ)' Chakkala (Chakkala Nair) എന്നാക്കി മാറ്റം വരുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിക്കുകയും 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 10 ആയ 'ചക്കാല' (Chakkala) എന്നത് 'ചക്കാല, ചക്കാല നായർ' (Chakkala, Chakkala Nair) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി,കേരള നിയമസഭ. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം.1722 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

Scanned with CamScanner

സ.ഉ.(കൈ) നം.5/2023/BCDD

കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
സെക്ഷൻ ഓഫീസർ
Date: 11-09-2023 22:35:19

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

Scanned with CamScanner

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - 'ദാസ' (DASA) സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.6/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 25/02/2023 -ലെ റിപ്പോർട്ട്.

<u>ഉത്തരവ്</u>

വടക്കൻ മലബാർ പ്രദേശത്ത് താമസിക്കുന്നവരും ഭക്തിപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷേത്രങ്ങളും വീടുകളും സന്ദർശിച്ച് ശംഖ് ഊതുകയും അതിൽനിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് ജീവിതമാർഗ്ഗം കണ്ടെത്തുകയും ചെയ്യുന്ന ഒരു വിഭാഗമാണ് 'ദാസ' (DASA) സമുദായം. ഇക്കൂട്ടർ കാർഷിക വൃത്തിയിലും മറ്റ് അനുബന്ധ ജോലികളിലും ഏർപ്പെട്ട് വരുന്നവരുമാണ്. ഈ വിഭാഗത്തിലെ ഭൂരിഭാഗം പേരും തൊഴിൽരഹിതരും സർക്കാർ സർവ്വീസിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലിയിൽ ഏർപ്പെട്ടിട്ടില്ലാത്തവരുമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കുടിയേറിയ ഈ വിഭാഗക്കാരുടെ മാതൃഭാഷ കന്നടയാണ്. കൂടാതെ ഇക്കൂട്ടർ സാമൂഹ്യപരമായും, വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന അവസ്ഥയിലുമാണ്. ഈ വിഭാഗക്കാരെ പിന്നാക്ക വിഭാഗക്കാരുടെ സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്താത്തത് കാരണം സമുദായത്തിന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ പല പ്രയാസങ്ങളും നേരിടുന്നതായും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

16/9/2023

(2) 'ദാസ' (DASA) സമുദായത്തെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 13 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ

Scanned with CamScanner

കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 'ദാസ' (DASA) സമുദായത്തെ 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 13 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം. 1727 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 11-09-2023 22:40:20
സെക്ഷൻ ഓഫീസർ

Scanned with CamScanner

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട 'പണ്ഡിതാർസ്' (Pandithars) എന്ന സമുദായ പദം 'പണ്ഡിതാർസ്, പണ്ഡിതർ' (Pandithars, Pandithar) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 14/11/2022 -ലെ റിപ്പോർട്ട്.

**ഉത്തരവ്**

Socially and Educationally Backward Classes (SEBC) പട്ടികയിൽ വിളക്കിത്തല നായർ സമുദായത്തിന്റെ ഒരു ഉപവിഭാഗമായി ഇനം നമ്പർ 7 4 ആയും ഒ .ഇ .സി -ക്ക് സമാനമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 12 ആയും 'പണ്ഡിതർ ' സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട പണ്ഡിതർ സമുദായം മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽപ്പെട്ട പണ്ഡിതർ സമുദായത്തിൽ നിന്ന് വിഭിന്നമല്ലെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . സർട്ടിഫിക്കറ്റുകളിൽ 'പണ്ഡിതാർസ് ' എന്ന് ജാതി രേഖപ്പെടുത്തിയിരിക്കുന്നത് കാരണം പണ്ഡിതർ വിഭാഗത്തിന് ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്നതായും മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ 'പണ്ഡിതാർസ് ' എന്ന പദം ഉപയോഗിച്ചിട്ടുള്ളതിനാൽ റവന്യൂ വകുപ്പിന് 'പണ്ഡിതാർസ് ' എന്ന് മാത്രമേ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് കഴിയുന്നുള്ളൂവെന്നും കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

(2) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 53 ആയ 'പണ്ഡിതാർസ്' (Pandithars) എന്നത് 'പണ്ഡിതാർസ്, പണ്ഡിതർ' (Pandithars, Pandithar) എന്നാക്കി മാറ്റം വരുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർ ട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 53 ആയ പണ്ഡിതാർസ്' (Pandithars) എന്നതിന് പകരം സമുദായപദം 'പണ്ഡിതാർസ്, പണ്ഡിതർ' (Pandithars, Pandithar) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Scanned with CamScanner

(4) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം. 1723 പ്രകാരം)
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Padmasekhar P
Date: 11-09-2023 22:44:17
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

Scanned with CamScanner

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - 'പാർക്കവകുലം' (Parkavakulam) സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 10/01/2023 -ലെ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

'പാർക്കവകുലം ' ( Parkavakulam) കേരളത്തിലെ തമിഴ് ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ട ഒരു വിഭാഗമാണ്. ഈ സമുദായത്തിലെ അംഗങ്ങൾ പാലക്കാട് ജില്ലയിലെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരും സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നാക്കാവസ്ഥയിലുള്ളവരുമാണ്. ഈ വിഭാഗക്കാരുടെ കുട്ടികൾക്ക് സ്കൂളുകളിലും കോളേജുകളിലും അഡ്മിഷന് ധാരാളം പ്രയാസം നേരിടുന്നതായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ഈ വിഭാഗങ്ങളിലെ ഭൂരിഭാഗം പേരും കർഷകരും അവരുടെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നൽകാത്തവരുമാണ് . സർക്കാർ മേഖലയിൽ ഈ വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം ലഭിക്കുന്നില്ല . 'പാർക്കവകുലം ' ( Parkavakulam) വിഭാഗത്തിനെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ (SEBC) പട്ടികയിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . സംസ്ഥാന സർവ്വീസിൽ ഇവർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതാണ് . അതിനാൽ 'പാർക്കവകുലം ' ( Parkavakulam) സമുദായം പിന്നാക്ക വിഭാഗത്തിൽപ്പെട്ടതാകയാൽ ഇവരെ മറ്റ് പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(2) 'പാർക്കവകുലം ' ( Parkavakulam) സമുദായത്തെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 54 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 'പാർക്കവകുലം' (Parkavakulam) സമുദായത്തെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 54 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Scanned with CamScanner

4. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം.1724 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Padmasekhar P
Date: 11-09-2023 22:42:11
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

Scanned with CamScanner